പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2532 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള വിവിധ ധനസഹായ പദ്ധതികളുടെ കുടിശ്ശികയും വിതരണവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഏക വരുമാനദായകന്റെ മരണം ധനസഹായ പദ്ധതി പ്രകാരം നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ അർഹരായ എത്ര അപേക്ഷകർക്ക് ഇനി ധനസഹായം അനുവദിക്കാനുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

മറുപടി: **അനുബന്ധമായി** ചേർത്തിരിക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ടി-ഗ്രാന്റ് (T-Grant) മുഖേനയുള്ള ചികിത്സാ ധനസഹായ തുക ലഭ്യമാക്കാത്ത എത്ര അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ട്; പ്രസ്തുത ഇനത്തിൽ ഇനി എത്രപേർക്കാണ് ധനസഹായം നൽകാനുള്ളത്;

മറുപടി: പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ടി-ഗ്രാന്റ്സ് (T-Grantz) മുഖേനയുള്ള ചികിത്സാ ധനസഹായ തുക ലഭ്യമാക്കാത്ത 5795 അപേക്ഷകളിൽ 1121 പേർക്ക് ധനസഹായം അനുവദിച്ചു. ശേഷിക്കുന്ന 4674 അപേക്ഷകർക്ക് ധനസഹായം നൽകാനുണ്ട്.

(സി) വകുപ്പ് മുഖേന നൽകിവരുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നീ ഇനങ്ങളിലായി എത്രപേർക്ക് തുക അനുവദിക്കാൻ കുടിശ്ശികയുണ്ട്; ഇതിനായി എത്ര തുക ഇനി അനുവദിക്കേണ്ടതുണ്ട്; പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

മറുപടി: വിവാഹ ധനസഹായ പദ്ധതി പ്രകാരം നാളിതുവരെ 4746 അപേക്ഷകർക്ക് ധനസഹായം അനുവദിക്കാൻ കുടിശ്ശികയുണ്ട്. ഇതിനായി 59,32,50,000/-രൂപ (അമ്പത്തിയൊമ്പത് കോടി മുപ്പത്തി രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ആവശ്യമുണ്ട്.

മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം നാളിതുവരെ 7359 അപേക്ഷകർക്ക് ധനസഹായം അനുവദിക്കാൻ കുടിശ്ശികയുണ്ട്. ഇതിനായി 55,19,25,000/-രൂപ (അമ്പത്തിയഞ്ച് കോടി പത്തൊമ്പത് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) ആവശ്യമുണ്ട്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികളിലെ അപേക്ഷകരുടെ കുടിശ്ശിക തീർപ്പാക്കുന്നതിനും തുക വേഗത്തിൽ ലഭ്യമാക്കുന്നതിനും വകുപ്പ് എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിച്ചു വരുന്നത്; ഇതിനായി ആവശ്യമുള്ള തുക എന്ന് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മറുപടി: നടപ്പ് സാമ്പത്തിക വർഷം പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് മുൻഗണന ക്രമത്തിൽ കുടിശിക അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ ലഭ്യമായ ഫണ്ട് അപേക്ഷകർക്ക് തുക വിതരണം ചെയ്യുന്നതിനായി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നീ പദ്ധതികളിലെ ഇത്തരത്തിലുള്ള കുടിശ്ശിക അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രത്യേക പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

ജില്ല	ആകെ ലഭിച്ച അപേക്ഷകൾ	ധനസഹായം അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം
തിരുവനന്തപുരം	310	278
കൊല്ലം	562	551
പത്തനംതിട്ട	207	197
ആലപ്പുഴ	300	269
കോട്ടയം	68	63
ഇടുക്കി	50	43
എറണാകുളം	323	261
തൃശ്ശൂർ	780	490
പാലക്കാട്	342	320
മലപ്പുറം	321	279
കോഴിക്കോട്	146	130
വയനാട്	29	22
കണ്ണൂർ	54	54
കാസർഗോഡ്	62	57
ആകെ	3554	3014

Anju. K.R

സെക്ഷൻ ഓഫീസർ